## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1286** **31.10.2019 -ൽ മറുപടിയ്ക്ക്**

### സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

ചോദ്യം

**ഉത്തരം**

**ശ്രീ.കെ.എസ്.ശബരീനാഥൻ**
**ശ്രീ.അൻവർ സാദത്ത്**
**ശ്രീ.ഷാഫി പറമ്പിൽ**
**ശ്രീ.പി.ടി. തോമസ്**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഘടനാപരമായ മാറ്റങ്ങൾ ശിപാർശ ചെയ്ത കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ കരടിന്മേൽ സംസ്ഥാന സർക്കാർ അതിന്റെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ;

എ) ഉണ്ട്. 2019 സെപ്റ്റംബർ 21 ന് ചേർന്ന കേബ് കമ്മിറ്റി യോഗത്തിൽ കേരളത്തിന്റെ അഭിപ്രായം അറിയിക്കുകയുണ്ടായി. കരട് നയം അമിതമായ കേന്ദ്രീകരണത്തിന് ഇടനൽകുകയും നിലവിലുള്ള ഫെഡറൽ സംവിധാനത്തിന് ദോഷകരമാവുകയും ചെയ്യും. സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്ത് നിലവിലുള്ള ഘടന തുടരാനനുവദിക്കണമെന്നും അല്ലാതെ 5+3+3+4 രീതിയിലേക്ക് മാറാൻ നിർബന്ധിതമാക്കുന്നത് ഫെഡറൽ സംവിധാനത്തിനകത്ത് സംസ്ഥാനത്തിന്റെ അവകാശത്തെ നിഷേധിക്കലാണ് എന്ന കാര്യം 'കേബ്' യോഗത്തിൽ സംസ്ഥാന നിലപാടായി വ്യക്തമാക്കുകയുണ്ടായി.

ബി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാകുകയെന്ന് അറിയിക്കാമോ;

ബി) ഉയർന്നുവന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കരട് നയം ആവശ്യമായ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ അംഗീകരിച്ച് സർക്കാർ നയമായി വരുന്ന ഘട്ടത്തിലേ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാകൂ എന്ന് വ്യക്തമാകുകയുള്ളൂ.

സി) ദേശീയ വിദ്യാഭ്യാസ നയത്തിലെ പ്രധാന ശിപാർശയായ ദേശീയ വിദ്യാഭ്യാസ കമ്മീഷൻ രൂപീകരണം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്തുമോ;

സി) ദേശീയ വിദ്യാഭ്യാസ കമ്മീഷൻ (രാഷ്ട്രീയ ശിക്ഷാ ആയോഗ്)അധികാരത്തിന്റെ കേന്ദ്രീകരണത്തിനിടയാക്കുമെന്നും ആയതിനാൽ പ്രസ്തുത നിർദേശം പിൻവലിക്കണമെന്നുമാണ് സംസ്ഥാനത്തിന്റെ അഭിപ്രായം.

ഡി) വിദ്യാഭ്യാസ മേഖലയെ കേന്ദ്രീകൃത സംവിധാനത്തിന്റെ കീഴിലാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിക്കുന്ന ദേശീയ വിദ്യാഭ്യാസ കമ്മീഷൻ സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള ഏതൊക്കെ അധികാരങ്ങൾ കവർന്നെടുക്കുമെന്ന് വിശദമാക്കുമോ?

ഡി) കരട് നയത്തിൽ ഉയർന്നുവന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നുണ്ടെങ്കിൽ അതും കൂടി വരുത്തി സർക്കാർ നയമായി കേന്ദ്ര സർക്കാർ അംഗീകരിച്ച് പുറത്തിറങ്ങിയ ശേഷമേ ഇത് സംബന്ധിച്ച വ്യക്തതയുണ്ടാകുകയുള്ളൂ.

സെക്ഷൻ ഓഫീസർ